

കുറിപ്പുകൾ

ഷാനവാസ് കൊല്ലം

# ഈ രക്തപുഷ്പങ്ങൾ കരിഞ്ഞുപോകില്ല

**ഗസ്സയിൽനിന്നുവരുന്ന** കാറ്റിനിപ്പോൾ രക്തപുഷ്പത്തിന്റെ സുഗന്ധമാണ്. കീഴടങ്ങാൻ സന്നദ്ധരല്ലാത്ത, സ്വാതന്ത്ര്യ മോഹികളായ ഒരു ജനത കണ്ണീരും ചോരയും നനച്ച് വളർത്തിയ ചെടിയിൽ വിടർന്ന പൂവിന്റെ മണം. അപാഷെ ഹെലികോപ്റ്ററും പാട്രിയോട്ടിക്ക് മിസൈലും കപടലോകത്തിന്റെ അവിഹിതമായ പിന്തുണയും ശക്തി പകർന്ന ഇസ്രയേലിന്റെ ധിക്കാരത്തിനെതിരെ ഫലസ്തീനികൾ അറുപതു കൊല്ലമായി വലിച്ചെറിഞ്ഞുകൊണ്ടേയിരിക്കുന്ന രക്തപുഷ്പങ്ങളും ചരൽകല്ലുകളും എന്നും അവർക്ക് പേടിസ്വപ്നമായിരുന്നു.

ഫലസ്തീൻ പോരാട്ടത്തിന്റെ മുഖമുദ്ര രക്തസാക്ഷ്യമാണ്. ജീവിതത്തിന് മരണം കൊണ്ടുള്ള വ്യാഖ്യാനമെഴുത്താണത്. വിശ്വാസിയുടെ പോരാട്ട വീര്യത്തിന്റെ അഗ്നിയിലേക്ക് പകരുന്ന എണ്ണയാണത്. മനസ്സിൽ തളംകെട്ടുന്ന നിസ്സംഗതയുടെ ഹിമാവസ്ഥയെ തകർത്തെറിഞ്ഞ് മനുഷ്യന്റെ അഭിമാനബോധം തിളനില പ്രാപിക്കുമ്പോഴാണ് ഒരാൾ രക്തസാക്ഷിത്വത്തിന് സന്നദ്ധനാവുക. ഒരു കുഞ്ഞുപൂവ് കൈവെള്ളയിലിട്ട് കശക്കിയെറിയുന്ന അതേ അനായാസതയോടെ സ്വന്തം ജീവിതത്തെ ആദർശ മാർഗത്തിൽ ബലിയർപ്പിക്കാനുള്ള സമ്പൂർണ മനസ്സിൽനിന്നാണ് രക്തസാക്ഷി പിറക്കുന്നത്.

ഒരർഥത്തിൽ ഗസ്സയിലെ ജനം ഒരത്ഭുതമാണ്. ലോകത്തിന്റെ എല്ലാ പിന്തുണയിൽനിന്നും ഒറ്റപ്പെട്ട ഒരു ഗെറ്റോവിൽ ഏതാനും ലക്ഷം വരുന്ന ഒരു ജനത തങ്ങളുടെ ജീവൻ കൊടുത്തും കാലഘട്ടത്തിലെ ഏറ്റവും വലിയ ശരി പ്രഖ്യാപിക്കുകയാണ്. ശരിക്കും നീതിക്കുവേണ്ടി ചരിത്രത്തിനെന്നും വലിയ വില നൽകേണ്ടിവന്നിട്ടുണ്ട്. മൂസയും ഇബ്റാഹീമും ഹുസൈനുമെല്ലാം വലിയ വിലയൊടുക്കിയവരാണ്. പക്ഷേ അതൊന്നും അപ്രസക്തമായ വ്യഥാ പ്രയത്നങ്ങളല്ല. മൂല്യം കൂടിയ കാര്യങ്ങൾക്ക് ഒടുക്കേണ്ടിവന്ന വലിയ വിലകൾ മാത്രം.

കാലത്തിന്റെ പ്രയാണത്തിൽ ആവർത്തിക്കപ്പെടുന്ന ചരിത്രത്തിന്റെ ഒരു ഉദാഹരണം കൂടിയാണിത്. മൂസായുടെ വിമോചന യത്നങ്ങളും ഹുസൈന്റെ സ്വാതന്ത്ര്യ പോരാട്ടങ്ങളും ഓർമിക്കപ്പെടുന്ന മുഹർറം മാസത്തിന്റെ പോരാട്ട സ്മരണകൾക്കുള്ള ഉചിതമായ ശ്രദ്ധാഞ്ജലി കൂടിയാണ് ഈ രക്തപുഷ്പങ്ങൾ. സംഭവപരമ്പരകളുടെ സ്വഭാവങ്ങളിലുള്ള സാദൃശ്യം കർബലയും ഗസ്സയും തമ്മിലുള്ള അകലം ഇല്ലാതാക്കിയിരിക്കുന്നു. നിരന്തരമായ ഉപരോധങ്ങൾക്കൊടുവിലാണ് ഗസ്സക്കു മേലുള്ള നിഷ്ഠുരമായ അക്രമങ്ങളരങ്ങേറിയിരിക്കുന്നത്. മുമ്പ് ഹുസൈനും അനുയായികളും സമാനമായ ഉപരോധത്തിന് വിധേയരായി. യസീദിന്റെ സൈന്യം ഹുസൈന്റെ അനുയായികൾക്ക് യൂഫ്രട്ടീസ് നദിയുമായി ബന്ധപ്പെടാനുള്ള സകല മാർഗങ്ങളും അടച്ചു. അവർ ദാഹം കൊണ്ട് വിവശരായി. "പട്ടിയും പന്നിയും യൂഫ്രട്ടീസിലെ വെള്ളത്തിൽ കിടന്നു മദിക്കുന്നു. പ്രവാചകന്റെ പൗത്രന് ഒരു തുള്ളി വെള്ളം കുടിക്കാനുള്ള അവകാശവുമില്ലേ?" – ഹുസൈൻ വിലപിച്ചു.

ഫിർഔന്റെ തെറ്റുകൾക്കെതിരിലുള്ള മൂസായുടെ ശരികളും, യസീദിന്റെ അടിമത്തത്തിനെതിരിലുള്ള ഹുസൈന്റെ സ്വാതന്ത്ര്യ പ്രഖ്യാപനവും രേഖപ്പെടുത്തിയ അതേ സുവർണ ലിപികൊണ്ട് ചരിത്രം ഇസ്രയേലിന്റെ നെറികേടുകൾക്കെതിരിലുള്ള ഫലസ്തീനികളുടെ ചോരചിന്തലുകളെ രേഖപ്പെടുത്തുകതന്നെ ചെയ്യും. ഫിർഔന്റെയും യസീദിന്റെയും തെറ്റുകളെ രേഖപ്പെടുത്തിയ നിന്ദ്യതയുടെ അതേ കറുത്ത മഷികൊണ്ടാകും ചരിത്രം ഇസ്രയേലിനെ രേഖപ്പെടുത്തുക.

സ്വാതന്ത്ര്യം മാനവികതയുടെ അടിസ്ഥാന മൂല്യവും അതിനു വേണ്ടിയുള്ള പോരാട്ടം മനുഷ്യ ജൈവികതയുടെ മൗലിക ചോദനയുമാണ്. സ്വാതന്ത്ര്യം സാക്ഷാത്കരിക്കും വരെ മനുഷ്യൻ പിടച്ചുകൊണ്ടേയിരിക്കും. വൻ മതിലുകൾക്ക് തടുത്തുനിർത്താനാവാത്ത, വെടിയുണ്ടകൾക്ക് തകർക്കാനാവാത്ത പിടച്ചിലിന്റെ നൈരന്തര്യം അത് തലമുറകളിലൂടെ നിലനിർത്തും. ഈ വസ്തുതകൾ സ്വന്തം അനുഭവത്തിൽനിന്നു തന്നെ ഏറ്റവുമധികം പഠിക്കേണ്ടിയിരുന്നത് ഇസ്രയേലാണ്. എന്നാലവരത് പഠിക്കാൻ തയാറാവുന്നില്ല എന്നതിന്റെ തെളിവുകളാണ് വെളിപ്പെടുന്നത്. ഇത് മനുഷ്യനോടുള്ള വെടിയുണ്ടയുടെ വെല്ലുവിളിയാണ്. ആയിരമോ ലക്ഷമോ നെഞ്ചകങ്ങൾ തുളച്ചുകടന്ന് വെടിയുണ്ടക്ക് അവസാനിപ്പിക്കേണ്ടി വരും. എന്നാൽ തലമുറകളിലേക്ക് അലയടിച്ചുവരുന്ന സ്വാതന്ത്ര്യ ദാഹത്തിന്റെ മഹാസമുദ്രങ്ങളെ തടുത്തുനിർത്താൻ കോടി വെടിയുണ്ട കൊണ്ട് മതിൽ പടുത്താലും സാധ്യമല്ല. ഇസ്രയേലിന്

കേവലം അറുപത് കൊല്ലത്തെ പ്രായമേ ആയിട്ടുള്ളൂ. അഞ്ഞൂറു കൊല്ലത്തെ കൊളോണിയൽ ഭരണത്തിലൂടെ തദ്ദേശീയരുടെ സ്വാതന്ത്ര്യ ദാഹത്തോടേറ്റുമുട്ടി പിൻവാങ്ങേണ്ടിവന്ന തന്റെ യൂറോപ്യൻ സാമ്രാജ്യത്വ മച്ചുനന്മാരോട് ഇസ്രയേൽ ആ ചരിത്രം ചോദിച്ച് പഠിക്കേണ്ടതാണ്.

ലോകത്തെ ആവരണം ചെയ്തിരിക്കുന്ന കപട നീതിയുടെ വാൽമീകങ്ങളെ കുടഞ്ഞെറിഞ്ഞ് യഥാർഥ നീതിയുടെ സാക്ഷാത്കാരത്തിനുവേണ്ടിയുള്ള ആത്മബലി കൂടിയാണ് ഗസ്സയിലെ രക്തസാക്ഷിത്വം. ഇവിടെ ഇസ്രയേൽ മാത്രമല്ല പ്രതിസ്ഥാനത്തുള്ളത്. അധർമത്തിന്റെ വാഴ്‌വിനെ അറുപതാണ്ടായി നില നിൽക്കാനനുവദിച്ച മുഴുലോകവുമാണ്. സാമ്രാജ്യത്വവും സയണിസവും ഫാഷിസവും ചേർന്ന് നന്മക്കും മൂല്യങ്ങൾക്കുമെതിരെ ലോകമെങ്ങും തുറന്നിട്ടുള്ള യുദ്ധമുഖങ്ങളിൽ ഒന്നു മാത്രമാണിത്. ഒറീസയും ഇറാഖും ഗസ്സയും അകന്ന ഭൂമിശാസ്ത്രങ്ങളാണെങ്കിലും ഒരേ അധർമത്തിന്റെ വ്യത്യസ്ത ഭാവങ്ങളെയാണവ അടയാളപ്പെടുത്തുന്നത്. അതിനാൽ ഗസ്സയിലെ ചോര ചിന്തൽ നീതിക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള മാനവരാശിയുടെ ഒടുങ്ങാത്ത പോരാട്ടത്തിന്റെ നീണ്ട പ്രയാണത്തിലെ ഒരധ്യായം മാത്രമാണ്. ചോര ഇനിയും ചിന്തപ്പെട്ടുകൊണ്ടേയിരിക്കും. രക്തപുഷ്പങ്ങൾ വിടർന്നുകൊണ്ടേയിരിക്കും. ഈ ഓരോ പൂവും നാളെ നിശ്ചയമായും പുലരാൻ പോവുന്ന സ്വാതന്ത്ര്യത്തിന്റെ സ്വഛലോകത്തിലെ ആരാമത്തിൽ തലയാട്ടി നിൽക്കുന്ന അലങ്കാര പുഷ്പങ്ങളാവും. രക്തസാക്ഷിത്വത്തിലൂടെ കൈവരുന്ന ദൈവിക പരിപാലനത്തിന്റെ അനന്തജീവിതത്തെ (ഖുർആൻ 2:154) സ്വപ്നം കാണുന്ന ജനതയോട് ആയിരം കൊല്ലം എങ്ങനെയും ഈ ലോകത്ത് ജീവിക്കാനാഗ്രഹിക്കുന്ന ഒരു ജനതയുടെ (2:96) ആകാശത്തിരുന്നുള്ള യുദ്ധം എങ്ങനെ വിജയിക്കാൻ? സബ്റ ശതീലയിൽ ആയിരങ്ങളെ ബലി നൽകിയിട്ടും തളരാത്ത ഒരു ജനതക്ക് തങ്ങളുടെ സ്വപ്നങ്ങളുള്ള കാലത്തോളം എത്രയോ രക്തസാക്ഷികളെ സൃഷ്ടിക്കാനാവും. ഫലസ്ത്വീനിന്റെ പുണ്യഭൂമി ചരൽകല്ലുകൾ ചുരത്തുന്ന കാലത്തോളം ഇൻതിഫാദയുടെ അഗ്നി കെടുമോ? ഇത് ശൈഖ് യാസീന്റെയും റൻതീസിയുടെയും, കുഞ്ഞ് അബൂദുർറയുടെയും ചോര വീണു കുതിർന്ന മണ്ണാണ്. ശൈഖ് യാസീന്റെ രക്തസാക്ഷിത്വത്തെ ഫലസ്ത്വീനിലെ ഉമ്മമാർ എതിരേറ്റത് തങ്ങളുടെ നവജാത ശിശുക്കൾക്കെല്ലാം ആ പേര് നൽകിക്കൊണ്ടാണ്, ഭാവിയിലേക്കുള്ള രക്തസാക്ഷിത്വത്തിന്റെ കരുതിവെപ്പായി. രക്തസാക്ഷിത്വ മോഹവുമായി ശൈഖ് യാസീൻമാർ ഫലസ്ത്വീനിൽ ജീവിക്കുന്ന കാലത്തോളം ഇസ്രയേലിന് സ്വസ്ഥമായുറങ്ങാൻ കഴിയുമോ?

ഫലസ്ത്വീൻ അവരുടെ വേദന കൊണ്ട് പ്രതിരോധിക്കും, അവിടത്തെ ഉമ്മമാരുടെ കണ്ണീർ കണങ്ങൾ സമുദ്രങ്ങളായി ആർത്തിരമ്പും, അവരുടെ നെടുവീർപ്പുകൾ കൊടുങ്കാറ്റായി വീശിയടിക്കും, അവരുടെ ഹൃദയമിടിപ്പുകൾ ബോംബുകളായി പൊട്ടിത്തെറിക്കും. അവരുടെ തേങ്ങലിലെ വരി തെറ്റിയ വിറയാർന്ന ശബ്ദങ്ങൾ ജൂതന്റെ കർണപുടങ്ങളെ തകർക്കും. രക്തം പെയ്യുന്ന ആകാശവും ചരലെറിയുന്ന കാറ്റും വിഴുങ്ങാൻ വായ് പിളർക്കുന്ന കടലും ജൂതനെ വരവേൽക്കുന്ന കാലം വിദൂരമല്ല. ■